(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.6/2171/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം
തീയതി 26.12.2016
email lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

4) സ്പെയർ

എസ്.എ.റ്റി.വി.എം/.ജി.പി06/2171/2016 തീയതി 26.12.2016

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.5.2016 മുതൽ 22.10.2016 വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 എൻക്വയറി നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ . എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016 മുതൽ 31.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. ടി.സജി,ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. മധു .,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ശാലിനി. വി.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി സാദിയാബീവി.<br>ശ്രീ. ജയിംസ് പി.ജെ.<br>ശ്രീ. ആനാട് സുരേഷ് | | 1.4.2015 മുതൽ 15.10.2015 വരെ<br>15.10.2015 മുതൽ 14.11.2015 വരെ (അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ്)<br>15.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ. ആൽബർട്ട് പെരേര | "പെരേര ഹൗസ്" വലിയതുറ | 1.4.2015 മുതൽ 31.8.2015 വരെ |

| | | | |
|---|---|---|---|
| | ശ്രീ. അശോക്<br>ശ്രീ. ജയിംസ് പി.ജെ. | "ദ്വാരക", കുടുമ്പന്നൂർ , നേമം (പി.ഓ.) പ്രാവച്ചമ്പലം<br>PLRA-1, TC4/1146, കവടിയാർ (പി.ഓ.) കുറവൻകോണം, തിരുവനന്തപുരം. | 1.8.2015 മുതൽ 2.9.2015 വരെ (ചാർജ്ജ്)<br>3.9.2015 മുതൽ 31.3.2016 വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| വി.ഇ.ഒ. | ശ്രീമതി ലത്തീഫാ ബീവി | അൽബറാക്ക്, ഹരിത നഗർ, മൂന്നാംമൂട്, കൊട്ടുങ്ങാന്നൂർ (പി.ഓ.) 9497791230 | 1.4.2015 മുതൽ 3.3.2016 വരെ |
| അഗ്രിക്കൾച്ചറൽ ഓഫീസർ | ശ്രീമതി ദീപ | "നന്ദനം, ബാപ്പുജി നഗർ, പോങ്ങുംമൂട് 9847565015 | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | ഡോ. ഷമാൻ | പി.വി. മൻസിൽ , ആനാട് 9447772565 | ടി |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അനിത | | ടി |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹരികുമാർ<br>ഡോ. മീര റാണി | 9447244014<br>ആയില്യം, റീഗൻ ഗാർഡൻ, നീറമൺകര, കൈമനം (പി.ഒ.) | ടി |
| ഹെഡ്മാസ്റ്റർ | ശ്രീ. വിജയകുമാർ | കൈമിഷാരണ്യം, ആനാട് 9445342070 | ടി |

| | | | |
|---|---|---|---|
| | | | |
| ഐ.ഡി.സി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാകുമാരി | കൈരളി നിലയം, ചിറക്കാണി, ചെന്ത്പ്പൂർ, പേങ്ങോട് (പി.ഒ.) ., വട്ടപ്പാറ 9497730815 | ടി |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രമാകുാമാരി. ബി. ആർ. | കൃഷ്ണകൃപ, സുവർണ്ണനഗർ , കുളപ്പുഴ | ടി |


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 | |
| | ഭാഗം 2 | | |
| 12 | ലേല തുക അടവാക്കിയില്ല – നഷ്ടം | 2-1 | |
| 13 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കിയില്ല. | 2-2 | |

| | | | |
|---|---|---|---|
| 14 | സാംഖ്യ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-3 | |
| 15 | പാറക്വാറി- ചട്ടങ്ങൾ പാലിക്കാതെ ലൈസൻസ് നൽകി | 2-4 | |
| 16 | വസ്തു നികുതി നിർണ്ണയം - നടപടികൾ പൂർത്തിയാക്കിയില്ല. | 2-5 | |
| 17 | ഡി & ഒ ലൈസൻസ് മുൻവർഷത്തേക്കാൾ കുറവ് | 2-6 | |
| | ഭാഗം 3 | | |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-1 | |
| 19 | കുടിവെള്ളക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-2 | |
| 20 | വീട് മെയിന്റനൻസ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-3 | |
| 21 | പകൽ വീടിനായി ബിൽ പ്രകാരം പിൻവലിച്ച തുക അംഗൻവാടിക്കായി ചെലവഴിച്ചു. | 3-4 | |
| 22 | പദ്ധതിയ്ക്കും മാർഗ്ഗ രേഖയ്ക്കും വിരുദ്ധമായി തുക ചെലവഴിച്ചു | 3-5 | |
| 23 | നിയമാനുസൃതമായ നികുതി ഈടാക്കിയില്ല – നഷ്ടം 37453/- രൂപ | 3-6 | |
| 24 | മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി അധികം സബ്സിഡി നൽകി | 3-7 | |
| 25 | പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ | 3-8 | |
| 26 | പാലിയേറ്റീവ് കെയർ - അപാകങ്ങൾ | 3-9 | |
| 27 | ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥൻ | 3-10 | |
| 28 | ആർ. ആർ. മേസണറി - അധിക നിരക്ക് | 3-11 | |
| 29 | റോഡ് കോൺക്രീറ്റിംഗിന് കോൺക്രീറ്റ് പാകലിന്റെ നിരക്ക് - അധിക തുക തടസ്സപ്പെടുത്തുന്നു. | 3-12 | |
| 30 | കൊല്ല സ്കൂൾ മെയിന്റനൻസ് | 3-13 | |
| 31 | നിർമ്മാണം പൂർത്തിയായിട്ടും ഉപയോഗക്ഷമമല്ല. | 3-14 | |
| 32 | നെൽകൃഷി വികസനം - നിയമാനുസൃത പാട്ടക്കരാർ വച്ചിട്ടില്ല. | 3-15 | |
| 33 | കന്നുകുട്ടി പരിപാലനം (എസ്.എൽ.ബി.പി.)വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – പദ്ധതി ലക്ഷ്യം | 3-16 | |

| | | | |
|---|---|---|---|
| | കൈവരിച്ചതായി ഉറപ്പാക്കാനായില്ല. | | |
| | ഭാഗം 4 | | |
| 18 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 19 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 23 | ഓഡിറ്റ് റിക്കവറി | 4-6 | |
| 24 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 25 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.2015 ന് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള ആകെ വരവ് 51768000/- രൂപയും ആകെ ചെലവ് 120824530/- രൂപയുമാണ്. നീക്കിയിരിപ്പ് 1046858/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.8.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35361495 |
| വരവ് | 50352232 |
| ആകെ | 85713727 |
| ചെലവ് | 67770079 |
| നീക്കിയിരിപ്പ് | 17943648 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | | (7) |
| 1 | വികസനഫണ്ട് (ജനറൽ) | 3426010 | 6134928 | 9560938 | 14547808 | 4986870 | 0 |
| 2 | വികസനഫണ്ട് (SCP) | 2101219 | 1946857 | 4048076 | 3086474 | -961602 | 0 |
| 3 | വികസന ഫണ്ട് ടി.എസ്.പി. | 38000 | 25000 | 63000 | 50000 | -13000 | 0 |
| 4 | സംരക്ഷണ ഗ്രാന്റ് റോഡ് | 633011 | 9600104 | 10233115 | 10233115 | --- | 0 |
| 5 | സംരക്ഷണ ഗ്രാന്റ് റോഡിതരം | 803233 | 4169400 | 4972633 | 4972633 | --- | 0 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3513113 | 8127662 | 11640775 | 8789270 | -2851505 | 0 |
| 7 | ലോക ബാങ്ക് സഹായം | 4509811 | 1158557 | 5668368 | 4507605 | -1160763 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 258 | 180 | -- | 78 | 30% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3465958 | 3165182 | (-)300776 | -8.7% |
| നികുതിയേതര വരവുകൾ | 198098 | 677402 | 479304 | 241% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | അഭിപ്രായം |
|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 28 | 26 | 3/16ൽ ലഭിച്ച അപേക്ഷ -2 | |
| തൊഴിൽ രഹിത വേതനം | 58 | 53 | " - 5 | |
| വിധവാ പെൻഷൻ | 115 | 107 | " - 8 | |
| വികലാംഗ പെൻഷൻ | 27 | 24 | " - 3 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | ---- | |
| വാർദ്ധക്യകാലപെൻഷൻ | 357 | 340 | "- 17 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന22.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3199/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2016 | 16-17 | 31.8.2015 വരെയുള്ള റിപ്പോർട്ട് | -- |
| എ.ജി. ഓഡിറ്റ് | 25.8.2014 | 2011-12 | 2011-12 | |

## 1-11 ആഭ്യന്തര നിയന്ത്രണം

ജനറൽ കമ്മിറ്റി മിനിട്ട്സ്, ഗ്രാമസഭാ മിനിട്ട്സ് എന്നിവ തയ്യാറാക്കുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നില്ല. 1995ലെ കേരള പഞ്ചായത്ത് രാജ് പഞ്ചായത്തിന്റെ യോഗനടപടി ക്രമം) ചട്ടങ്ങൾ, ചട്ടം 26(7), (8), (9),(10),(5) എന്നിവ പ്രകാരമല്ല ജനറൽ കമ്മിറ്റി മിനിട്ട്സ്, ഗ്രാമസഭാ എന്നിവ പ്രകാരമല്ല ജനറൽ കമ്മിറ്റി മിനിട്ട്സ്, ഗ്രാമസഭാ മിനിട്ട്സ് എന്നിവ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന തീരുമാനങ്ങളും പ്രമേയങ്ങളും പൂർണ്ണവും സ്വയം വിശദീകരിക്കുന്നതു സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇടനൽകാത്തതും ആയിരിക്കേണ്ടതും, അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിയ്ക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ അദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തകയോ പേജുകളിൽ തുടർച്ചയായ രേഖപ്പെടുത്തലുകൾ .വരുത്തുകയോ ചെയ്തിട്ടില്ല. മിക്കവാറും പേജുകൾ ശൂന്യമായി ഇട്ടിരിക്കുന്നതായി കാണുന്നു. ഗ്രാമസഭാ മിനിട്ട്സിലും ഇതേ അപാകതകൾ തന്നെ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് നൽകിയ മറുപടിയിൽ പ്രസ്തുത അപാകതകൾ പരിഹരിക്കുതന്നിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം മിനിട്സുകൾ എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേല തുക അടവാക്കിയില്ല - നഷ്ടം

ആനാട് ഗ്രാമപഞ്ചായത്തിൽ വിവിധ ഇനങ്ങൾ ലേലം നടത്തിയതായി ഫയൽ പരിശോധനയിൽ കണ്ടെങ്കിലും ലേല തുക പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ലേലം അംഗീകരിച്ച തീയതി | ലേല തുക | അടവാക്കിയത് | അടവാക്കാനുള്ളത് |
|---|---|---|---|---|
| a) ചുള്ളിമാനൂർ പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 28.5.2015 | 14000/-<br>സജാദ്<br>ഷാ മൻസിൽ ചുള്ളിമാനൂർ | 11513100158<br>28.5.2015<br>5000/-<br>11513100202<br>2.6.2015<br>1000/- | 8000 |
| b) ചന്ദ്രമംഗലം ലക്ഷം വീട് കോളനിയിൽ പഞ്ചായത്ത് സ്ഥലത്ത് | 9.3.2015 | 400/-<br>സുധീരൻ | -- | 400 |

| | | | | |
|---|---|---|---|---|
| നിൽപ്പുള്ള ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം | | പണ്ടാരക്കോണം, ആനാട് | | |
| c) കൊട്ടുപാറ പിറവരമ്പിൽ നിന്നും പുല്ല് അറുത്തെടുക്കുന്നതിനുള്ള അവകാശം | 24.3.2015 | 210/- രഘുനാഥൻ, ചിറത്തലയ്ക്കൽ വീട്, വേട്ടമ്പള്ളി | --- | 210 |
| d) ആനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും നികുതി പിരിക്കുന്നതിനുള്ള അവകാശം | 24.3.2015 30.3.2015ലെ പി. ആർ II(I) | 13000/- ജയരാജ്. ജെ. , രാജ്ഭവൻ കൽപടക്കുന്ന് നാടാച്ചേരി ആനാട് (പി.ഒ.) | 9001/- 1151310189 24.8.2015 | 3999 |
| f) ആനാട് മാർക്കറ്റ് കോമ്പൗണ്ടിനുള്ളിൽ തെങ്ങുകളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം | 9.3.2015 | 4000/- സജീർ ഫാത്തിമമൻസിൽ ആനാട് (പി.ഒ.) | 2250/- 11513102993 9.3.2016 | 175 |
| g) ആനാട് എൽ.പി.എസ്. ന സമീപത്ത് പഞ്ചായത്ത് വാങ്ങിയ വസ്തുവിലെ ഫലവൃക്ഷങ്ങളിൽ നിന്നും മേലാധായം എടുക്കുന്നതിനുള്ള അവകാശം | 9.3.2015 | 1500/- പ്രേംരാജ് പി.റ്റി.എ. പ്രസിഡന്റ് ആനാട് എൽ.പി.എസ്. | ---- | 1500 |
| h) ആനാട് മാർക്കറ്റിലുള്ള സ്റ്റാളുകൾ ലേലം ചെയ്യുന്നതിന് Stall No. 5 | 24.3.2015 | 1150/-per monbth ആർ. കുമാരപിള്ള, സിദ്ധുഭവൻ, കോതക്കുളങ്ങര | ----- | 13800 |
| ആകെ | | | | 28084 |

സർക്കുലർ നം.28758/ഡി.ബി.2/10/ത.സ്വ.ഭ.വ./15.10.2010 പ്രകാരം പഞ്ചായത്തുകളുടെ വക കടമുറികളോ മാർക്കറ്റ് സ്റ്റാളോ മാർക്കറ്റ് ഫീസ് പരിവ് സംബന്ധിച്ച കരാറുകളോ ചമയ്ക്കുന്നത് കേരള സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ എൻട്രി 5(ഡി) പ്രകാരം 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള കരാറുകളൊന്നും തന്നെ ലേലക്കാരുമായി പഞ്ചായത്തധികൃതർ

വച്ചിട്ടില്ല. പ്രസ്തുത സർക്കുലർ പ്രകാരം ക്രമ നം. എ, ബി, സി,ഡി എന്നിവയിൽ 200/- രൂപ മുദ്രപ്പത്രത്തിൽ ലേലക്കരാർ വയ്ക്കാത്തതു വഴി സംസ്ഥാന ഖജനാവിന് 800/- രൂപയുടെ നഷ്ടമുണ്ടായതായി വിലയിരുത്തുന്നു. കൂടാതെ ഗഡുക്കളായി ലേല തുക അടവാക്കേണ്ടിയിരിന്ന ക്രമ നം. എ, ബി,സി എന്നിവയിൽ സോൾവൻസി സർട്ടിഫിക്കറ്റ് ലേലക്കാരിൽ നിന്ന് ലഭ്യമാക്കിയിട്ടില്ലാതതതിനാൽ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് പഞ്ചായത്തിന് ഭാവിയിൽ ബുദ്ധിമുട്ട് നേരിടേണ്ടതായും വരും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് നൽകിയ മറുപടിയിൽ ക്രമ നം. ബി ഇനത്തിന് കനത്ത വെള്ളപ്പൊക്കക്കെടുതിയിൽ വൻ നഷ്ടം സംഭവിച്ചതിനാൽ ലേല തുക അടവാക്കുന്നതിൽ പഞ്ചായത്ത് കമ്മിറ്റി ഇളവ് ചെയ്തു നൽകിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ അടവാക്കാനവശേഷിക്കുന്ന തുക 28084/- രൂപ പിഴപ്പലിശ സഹിതം ലേലക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 2-2 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കിയില്ല.

പഞ്ചായത്ത് വക കടമുറികൾ ലേലം കൊണ്ടിട്ടുള്ള താഴെ പറയുന്ന വ്യക്തികൾ തുക പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല.

| ഇനം | വ്യക്തി | അടവാക്കിയ തുക | അടവാക്കാനുള്ളത് |
|---|---|---|---|
| 1) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. X (ചുള്ളിമാനൂർ) 1274/ month | സജാദ്, ഷാ മൻസിൽ ചുള്ളിമാനൂർ | --- | 1274x12 = 15288 |
| 2) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. I(525/month) | സജീർ ഫാത്തിമ മൻസിൽ | 550/- 11513100470 24.6.2015 4500/- 11513102808 23.2.2016 | 1250 |
| 3) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. II(525/month) | ടി | 550/- 11513100471 24.6.2015 9x500 4500/- 11513102809 25.2.2016 | 1250 |

| | | | |
|---|---|---|---|
| 4) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. III(525/month) | ടി | 550/-<br>11513100472<br>25.6.2015<br>4500/-<br>11513102810<br>25.2.2016 | 1250 |
| 5) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. III(525/month) | ബാബുരാജ് | 1599/-<br>11513100919<br>1.8.2015<br>P.I 24 | 4725 |
| 6) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. VIII (525/month) | ടി | 1599/-<br>11513100920<br>1.8.2015<br>P.I 24 | 4725 |
| 7) ആനാട് മാർക്കറ്റ് സ്റ്റാൾ, റൂം നം. VI(525/month) | ഗിരിന്ദ | --- | 6000 |
| ആകെ | | | 34488/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ അടവാക്കാനവശേഷിക്കുന്ന തുക 34488/- രൂപ ഉത്തരവാദികളിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 2-3 സാംഖ്യ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ജി.ഒ.(എം.എസ്.)245/2011/ത.സ്വ.ഭ.വ. തീയതി 13.10.2011 പ്രകാരം ഓരോ ദിവസവും അവസാനത്തിൽ ക്യാഷ്ബുക്ക് സമ്മറി, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യേണ്ടതാണെങ്കിലും അപ്രകാരം അതാത് ദിവസങ്ങൾ പ്രിന്റ് എടുത്ത് ഫയൽ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് നൽകിയ മറുപടിയിൽ ജോലിത്തിരക്ക് കാരണമാണ് അപ്രകാരം ചെയ്യാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് റൂൾസ് പ്രകാരം ക്യാഷ്ബുക്ക്, ഡേബുക്ക് ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4 പാറക്വാറി- ചട്ടങ്ങൾ പാലിക്കാതെ ലൈസൻസ് നൽകി

പഞ്ചായത്തിൽ നിന്നും പാറക്വാറി ലൈസൻസ് നൽകിയതായി കാണുന്ന ശശിധരൻ എൻ., എസ്.കെ. ഭവൻ, ഇടയിലക്കോണം, മണ്ണന്തല പി.ഒ. എന്ന ലൈസൻസി അപേക്ഷയോടൊപ്പം കേരള പഞ്ചായത്ത് രാജ് ചട്ടം 12, 5-ാം ഉപ ചട്ടം (ഡി) പട്ടിക VI പ്രകാരം ലഭ്യമാക്കേണ്ട അഗ്നിശമന സേനാ വകുപ്പിൽ നിന്നുള്ള

ക്ലിയറൻസ് സർട്ടിഫിക്കറ്റോ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വസ്തുനികുതി നിർണ്ണയം-നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ പരിഷ്കരിച്ച് കൊണ്ട് സ.ഉ.(അ)19/2011/തസ്വഭവ തീയതി 14.1.2011 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 24.2.2015ലെ സ.ഉ.(അ.)നം.36/2015/തസ്വഭവ 27.4.2015ലെ സഉനം.144/15/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം മേൽ ഉത്തരവിന് ഭേദഗതികളും നിർദ്ദേശിച്ചിരുന്നു. 16.12.32015ലെ സ.ഉ.(എം.എസ്.)നം. 358/15/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്തുകളിലെ നികുതി നിർണ്ണയ പുനഃക്രമീകരണ നടപടികൾ 2015 ഡിസംബർ 31നുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

വസ്തു നികുതി വർദ്ധനവ്, നികുതിയിളവ് എന്നിവയുടെ മാനദണ്ഡങ്ങൾക്ക് തുടർച്ചയായി മാറ്റമുണ്ടായതിനാൽ വസ്തു നികുതി നിർണ്ണയ സേഫ്റ്റ് വെയറിൽ (സഞ്ചയ) കെട്ടിടങ്ങളുടെ വിവരങ്ങൾ കാലാനുസൃതമാക്കിയിട്ടില്ല. ഇക്കാരണത്താൽ വസ്തു നികുതി 2015-16ലെ കുടിശ്ശിക ഡിമാന്റ് എന്നിവ കണക്കാക്കിയിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി നികുതി നിർണ്ണയം പൂർത്തിയാക്കി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് - മുൻവർഷത്തേക്കാൾ കുറവ്

2014-15ൽ 280 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കുകയും 91010/- രൂപ കളക്ഷൻ ഉണ്ടാവുകയും ചെയ്ത സ്ഥാനത്ത് 2015-16ൽ 242 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്നിരിക്കേ ലൈസൻസിലുണ്ടായ കുറവ് ഗുരുതരമായി വീക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അനുമതി കൂടാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - എസ്.0046/16

പേര് - ഐ.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ (എസ്.സി.പി.)

അടങ്കൽ - 747500/-

ബിൽ നം. - 14/15-16 747500/- 14.3.2016

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഐ.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ പദ്ധതിയിൽ തുക നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് നൽകിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചാലുടൻ തന്നെ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 3-2 കുടിവെള്ളക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. - എസ്.ഠ 044/16
പേര് - കുടിവെള്ളക്കിണർ (എസ്.സി.പി.)
ബിൽ നം. - 13/15-16 90000/- 18.2.2016
20/15-16 95000/- 21.3.2016
17/15-16 17000/- 19.1.2016
25/15-16 76000/- 30.3.2016
നിർവഹണ ഉദ്യോഗസ്ഥൻ അസി. സെക്രട്ടറി

കുടിവെള്ളക്കിണർ നിർമ്മാണത്തിനായി 18 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും 4 പേർ ആദ്യ ഗഡു മാത്രം കൈപ്പറ്റുകയും പണി പൂർത്തീകരിക്കാതിരി ക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ആദ്യ ഗഡുവായ 10000/- രൂപ കൈപ്പറ്റുകയും പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത വ്യക്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

1) എസ്. രാജൻ, ആലംകോട്, ചരുവിള വീട്
2) കമലം, കോമല്ലൂർ തെക്കുംകര വീട്
3) ബേബി. സി., റോഡരികത്ത് വീട്, സിൽക്ക് ഫാം ഇരിഞ്ചയം
4) അംബിക. സി, തടത്തരികത്ത് വീട്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് നൽകിയ മറുപടിയിൽ 2016-17നകം ഇവർ പണി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അല്ലാത്ത പക്ഷം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ളക്കിണർ നി◌ർമ്മാണത്തിനായി തുക കൈപ്പറ്റിയ മുഴുവൻ വ്യക്തികളുടേയും പണി പൂർത്തീകരിക്കുതന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വീട് മെയിന്റനൻസ് - പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. - എസ്.ഒ. 193/16
പേര് - വീട് മെയിന്റനൻസ് (എസ്.സി.പി.)(സ്പിൽ ഓവർ)
അടങ്കൽ - 484719/-
ബിൽ നം. - 2/15-16 50000/- 30.5.2015
4/15-16 15000/- 15.6.2015
6/15-16 15000/- 31.7.2015
11/15-16 30000/- 19.1.2016
18/15-16 10000/- 16.3.2016
21/15-16 60000/- 19.3.2016
9/15-16 10000/- 25.8.2015

പ്രസ്തുത പദ്ധതിയിൽ ശ്രീമതി ഗിരിന്ദ, വെള്ളരിക്കോണം, തടത്തരികത്ത് വീട് എന്ന ഗുണഭോക്താവ് ഡി ഡി നം. 521452/24.8.2015 പ്രകാരം 15000/- രൂപ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് നൽകിയ മറുപടിയിൽ 2016-17 വർഷം ടിയാരി പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യാത്ത പക്ഷം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-5 പദ്ധതിക്കും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി തുക ചെലവഴിച്ചു.

പദ്ധതി - ഗ്രാമകേന്ദ്രവും നടത്തിപ്പും

പ്രോജക്ട് നം. - 37/16 അടങ്കൽ തുക – 150000 (വി.ഫ)

ചെലവ് തുക - 111545/-രൂപ 15400 (ബിൽ നം.12/15.3.16)
87690 (ബിൽ നം.18/28.3.16)
8450 (ബിൽ നം.26/30.3.16)
നിർവ്വഹണം - സെക്രട്ടറി
ഗ്രാമകേന്ദ്രം/വാർഡ് കേന്ദ്രം പ്രവർത്തന മാർഗ്ഗരേഖ ജി.ഒ(എം.എസ്)112/ 2014/തസ്വഭവ തീ.25.6.2014(5)V-ൽ ഓഫീസ് പ്രവർത്തനം എന്ന ഹെഡ്ഡിൽ ഗ്രാമകേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, യോഗനടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് 50,000/-രൂപവരെ ചെലവഴിക്കാം എന്ന നിർദ്ദേശത്തെ അവലംബിച്ച് ആസൂത്രണം ചെയ്തിരുന്ന ടി പദ്ധതിയിൽ 6 ഗ്രാമ കേന്ദ്രങ്ങൾക്ക് വാടക നൽകുന്നതിന് 47368/-രൂപയും 13 ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ, സ്റ്റേഷനറി എന്നവയ്ക്കായി 102632/-രൂപയും ഉൾപ്പെടെ ആകെ 150000/-രൂപ ചെലവഴിക്കുന്നതി നാണ് അംഗീകാരം നൽകിയിരുന്നത്. എന്നാൽ 15405/-രൂപ സ്റ്റേഷനറിക്കും 96140/-രൂപ യോഗ നടത്തിപ്പിനായി കസേര വാടക ലഘുഭക്ഷണം എന്നിവയ്ക്കുമാണ് ഈ തുക ചെലവഴിച്ചത്.

മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതിനും പദ്ധതി അംഗീകാരം നൽകിയതിനും വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി 11-ൽ ആവശ്യപ്പെട്ടിരുന്നു. 11.01.2016-ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം II-6 പ്രകാരം മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ എന്ന സെക്രട്ടറിയുടെ മറുപടി അപാകതയ്ക്ക് വ്യക്തമായ വിശദീകരണമാകുന്നില്ല.മാർഗ്ഗരേഖകളും നിലവിലെ സർക്കാർ ഉത്തരവുകളും പാലിക്കപ്പെട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത് എന്ന് ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെ കടമയാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-6 നിയമാനുസൃതമായ നികുതി ഈടാക്കിയില്ല. നഷ്ടം 37453/-രൂപ

പദ്ധതി - സി.എഫ്.എൽ.മെയിന്റനൻസ്

പ്രോജക്ട് നം. - 23/16
അടങ്കൽ തുക - 300000 (തനത് ഫണ്ട്)
ചെലവ് തുക - 299625 (ചെക്ക് നം.23118/30.03.2016)
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമം സെക്ഷൻ 10(1) പ്രകാരം എല്ലാതരം കരാർ പ്രവർത്തികളുടെ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള നികുതി സ്രോതസ്സിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ വാണിജ്യ നികുതി കമ്മീഷണറുടെ 31.03.2011-ലെ സർക്കുലർ നം.5/2011-ൽ വാണിജ്യ നീതി വകുപ്പ് നൽകുന്ന ഫോറം IEE കരാറുകാരൻ ഹാജരാക്കാത്ത പക്ഷം 2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം സെക്ഷൻ 10(2), 2എ, (i) (ii)എ, ബി പ്രകാരം സ്രോതസ്സിൽ നിന്നും നികുതി (12.5%) ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. മേൽ പദ്ധതി പ്രകാരം CFL മെയിന്റനൻസിന് ടെണ്ടർ വിളിക്കുകയും സാധനങ്ങൾ ഉൾപ്പെടെ ഒരു CFL നന്നാക്കുന്നതിന് 425/-രൂപ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജി.എസ്.ബാലകൃഷ്ണന്റെ കരാർ അംഗീകരിക്കുകയും, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 705 CFL നന്നാക്കിയന് 299625/-രൂപ ടിയാന് നൽകുകയും ചെയ്തു. ടിയാൻ നികുതി അടവാക്കിയതിന്റെയോ, ഫോറം IEE യോ ഹാജരാക്കിയിട്ടില്ല. ടിയാനിൽ നിന്നും നിയമാനുസൃതമായ 12.5% നികുതി ഈടാക്കാതെ ബിൽ തുക നൽകിയതിനാൽ 37453 (299625-ന്റെ 12.5%) രൂപ കരാറുകാരന് അധികം നൽകി. 37453/-രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു. കരാറുകാരന് അധികം നൽകിയ തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം സബ്സിഡി നൽകി

(i) ജി.ഒ(എം.എസ്)362/2013/തസ്വഭവ തീ.16.11.2013 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് കിണർ മെയിന്റനൻസ് (ജനറൽ) പരമാവധി അനുവദിക്കാവുന്ന സബ്സിഡി 5000/-രൂപയാണ്. എന്നാൽ 10000/-രൂപ വീതം നൽകിയതു വഴി 155000/-രൂപ വികസന ഫണ്ടിൽ നിന്നും നഷ്ടമായി.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം. - 68/16, നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക - 380000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
(38 പേർക്ക് 10000/-രൂപ വീതം)
ചെലവ് തുക - 175000 (ബിൽ നം.9/1.3.16)
100000 (ബിൽ നം.12/16.3.16)
35000 (ബിൽ നം.22/28.3.16)
ആകെ 310000 (31 പേർക്ക് 10000/-രൂപ വീതം)

സബ്സിഡിയായി 31 പേർക്ക് നൽകേണ്ട തുക 31 x 5000 = 155000
നൽകിയ തുക 31 x 10000 = 310000
അധികം നൽകിയ തുക 310000 – 155000 = 155000/-രൂപ
=========

(ii) മേൽ മാർഗ്ഗരേഖ പ്രകാരവും ജി.ഒ(എം.എസ്)83/2012.തസ്വഭവ, തീയതി 30.03.12 പ്രകാരവും ആശ്രയ ഭവന നിർമ്മാണം (ജനറൽ) അനുവദനീയമായ സബ്സിഡി 200000/-രൂപയാണ്. എന്നാൽ പ്രോജക്ട് നം.42/16 പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 250000/-രൂപ വീതം 500000/-രൂപ വകകൊള്ളിക്കുകയും ബിൽ നം.25/28.3.2016 ആയി തുക പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. തുകയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | സ്വർണ്ണമ്മ, കുമ്മാംകോണത്ത് | 50000<br>50000<br>100000 | 02800/5.5.2016<br>002/16.8.2016<br>003/8.9.2016 |
| 2 | നസീമാബീവി, ചുള്ളിമാനൂർ | 50000<br>50000<br>100000 | 02799/5.5.2016<br>001/4.8.2016<br>004/29.9.2016 |
| ആകെ | | 400000/-രൂപ | |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും 100000/-രൂപ അധികം പിൻവലിച്ചത് ആശ്രയ അക്കൗണ്ടിൽ നിലനിൽക്കുന്നു. 250000/-രൂപ നൽകുന്നതിനാണ് എഗ്രിമെന്റ് വച്ചിരുന്നത്. വീട് പണി പൂർത്തീകരിക്കാത്തതിനാലാണ് 50000/-രൂപ വീതം നൽകാതിരുന്നത്. ടി ഗുണഭോക്താക്കൾക്ക് 50000/-രൂപ വീതം എഗ്രിമെന്റ് പ്രകാരം നൽകേണ്ടതുണ്ട്. ആയതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതും ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകേണ്ടതുമാണ്.
മാർഗ്ഗരേഖ പാലിക്കാതെ അധികം തുക നൽകേണ്ടിവരുന്ന നടപടി ഗൗരവമായി വീക്ഷിക്കേണ്ടതും അനുവദനീയമായ തുകയേക്കാൾ അധികം തുക അടങ്കൽ വയ്ക്കേണ്ടതുണ്ടെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയ ശേഷം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

## 3-8 .a) PHC ക്ക് മരുന്നുവാങ്ങൽ

വകയിരുത്തിയ തുക - 1,00,000/-
കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് മരുന്നു വാങ്ങാനായി
22.01.2016- ൽ 41,667/- രൂപയും (ഡി.ഡി.നം.41667 തീ. 10.02.16)

17.03.2016-ൽ 58,332/-രൂപയും (ഡി.ഡി.നം.773724 തീ.10.02.16)

ഉൾപ്പെടെ ആകെ 99,999/-രൂപ ചെലവഴിച്ചു. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. 95,611/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി തുകക്കുള്ള 4388/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

b) പാലിയേറ്റീവ് കെയർ - അപാകതകൾ

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷം ഒരു തവണ (13.04.16-ൽ) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഇത് ആശാസ്യമായ പ്രവണതയല്ല.

കൂടാതെ മാനേജ്മെന്റ് കമ്മിറ്റി തീരുമാനമില്ലാതെ ഇൻവോയ്സ് നം.STC/105-06-03 തീ.22.03.16 പ്രകാരം 3 വാട്ടർ ബെഡുകൾ @ Rs.2380/-, 5 വീൽ ചെയറുകൾ @ Rs.6000/-, 5 വാക്കറുകൾ @ Rs.2380/-, 1 അലമാര @ Rs.6540/- എന്നിവ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആകെ 58,000/-രൂപ. ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആവശ്യകത കമ്മിറ്റി (PMC) തീരുമാനമെടുക്കാത്തത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ

(I) സ്കൂൾ വികസന പദ്ധതിയിലുൾപ്പെടുത്തി 3 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഇത് കെൽട്രോണിൽ നിന്നല്ല. സിഡ്കോ, 31714/-രൂപക്കും, AB എന്റർപ്രൈസസ് 32000/-രൂപക്കും, Advom സിസ്റ്റം 32700/-രൂപക്കും 4GB Lenovo ബ്രാൻഡ് ലാപ്ടോപ്പ് നൽകാമെന്ന് ക്വട്ടേഷൻ സമർപ്പിച്ചിരുന്നെങ്കിലും അഡ്കോം സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും 98,100/-രൂപ മുടക്കിയാണ് (ഒന്നിന് 32700/-രൂപ) ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച സിഡ്കോയിൽ നിന്നോ സർക്കാർ ഉടമസ്ഥതയിലുള്ള കെൽട്രോണിൽ നിന്നോ ലാപ്ടോപ്പുകൾ വാങ്ങാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതുപോലെ 16 സ്റ്റീൽ അലമാരകൾ സർക്കാർ അംഗീകൃത സ്ഥാപനമായ സിഡ്കോയുടെ ക്വട്ടേഷൻ 5025/-രൂപ പ്രതി) നിരസിച്ച് കൃഷ്ണാ എഞ്ചിനീയറിങ് വർക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു. ഇൻവോയ്സ് നം.2 തീയതി ഇല്ല) (4275/-പ്രതി അലമാര) (16 എണ്ണം ടാക്സ് ഉൾപ്പെടെ ഡി.ഡി.നം.521914 തീ.11.9.2016 80,000/-രൂപ)

പാചക പാത്രങ്ങൾ, പബ്ലിക് അഡ്രസ്സിങ് സിസ്റ്റം എന്നിവയും ഈ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്.

(II) മറ്റൊരു പ്രോജക്ടായ (SO 206/16)

ക്ലീനിങ് കിറ്റ് വാങ്ങി നൽകൽ പദ്ധതി പ്രകാരവും സിഡ്കോയെ ഒഴിവാക്കി ശബരി ഗ്ലോബൽ ഷോപ്പ്) എന്ന സ്ഥാപനത്തിൽ നിന്നും 3750/-രൂപ നിരക്കിൽ ക്ലാസ്സ് മുറികളിലേക്ക് അലമാര വാങ്ങിയിട്ടുണ്ട്. (സിഡ്കോയുടെ റേറ്റ് 6250/ + ....) (ബിൽ നം.92015-16 തുക 77288/-) (ഡി.ഡി.നം.776774 തീ.2/4/2010)

III) ഫിസിയോ തെറാപ്പ് പ്രോജക്ട് (SO010/16)

40,000/-രൂപ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങിയതിന് സിഡ്കോക്കും, 33,000/-രൂപ ഫിസിയോ തെറാപ്പി റൂം സജ്ജീകരിച്ചതിന് എച്ച്.എം.-നും നൽകിയിട്ടുണ്ട്. (സിഡ്കോക്ക് ഡി.ഡി.നം.776779 തീ.02.04.16 പ്രകാരം) 33000/-രൂപ റൂം സജ്ജീകരിച്ചതിന്റെ സബ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ടി തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ബിൽ നം.52015 – 21.03.16 തുക 73000/-രൂപ)മറ്റ് പ്രോജക്ടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപനം ഒഴികെ മറ്റെല്ലാം തൃപ്തികരമായി നിർവ്വഹിച്ചിരിക്കുന്നു. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതായി എച്ച്.എം.അറിയിച്ചു.

## 3-10 ആർ.ആർ.മേസണറി - അധിക നിരക്ക്

താഴെപ്പറയുന്ന പ്രവൃത്തിക്ക് ആർ.ആർ.മേസണറി വർക്കിന് അധിക നിരക്ക് നൽകിയിരിക്കുന്നു.

പ്രോജക്ട് നം. - 56/116 - കോലിയക്കോട്- വെള്ളരിക്കോണം

സൈഡ്വാൾ നിർമ്മാണം

പ്രോജക്ട് തുക - 3,50,000/-

കൺവീനർ - കൃഷ്ണൻ ആശാരി

ചെലവ് - 3,31,784/-
ഡി.ഡി/ബിൽ നം. - 003/2015-16
എം.ബുക്ക് നം. - 107/15-16

ഇനം-3 DSR 7.1.1
Random Rubble masonery for foundation etc...
നൽകിയ തുക - 20.93$m^3$ -ന് 5795.16/$m^3$ = 121292.69
അനുവദനീയം - 20.93$m^3$ -ന് 4867/$m^3$ = 101866.31
അധികം തുക നിരാകരിക്കുന്നത് = 19426.38 രൂപ (19426/-രൂപ)
DSR 7.1.1 - Rate 3918
ഗുണഭോക്തൃ സമിതി നിർവ്വഹിച്ചതിനാൽ CP കുറച്ച് 1.42857 എന്ന കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിച്ചാൽ - 3918/1.15 x 1.42857 = 4867 $m^3$

## 3-11 റോഡ് കോൺക്രീറ്റിങ്ങിന് കോൺക്രീറ്റ് പാകലിന്റെ നിരക്ക് - അധിക തുക തടസ്സപ്പെടുത്തുന്നു. 53,136/-രൂപ

പഞ്ചായത്തിലെ റോഡ് കോൺക്രീറ്റ് പണികളിൽ 1:2:4 with 20mm മെറ്റൽ ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾക്ക് DSR 2014 code 11.7 പ്രകാരമുള്ള powements- ന്റെ (കോൺക്രീറ്റ് പാകൽ) നിരക്ക് നൽകിയിരിക്കുന്നു. ഇതേ റോഡ് പ്രവൃത്തികളിൽ 40mm മെറ്റൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് DAR code 4.1.3 പ്രകാരമുള്ള സാധാരണ റോഡ് കോൺക്രീറ്റിന്റെ നിരക്കും നൽകിയിരിക്കുന്നു. DAR code 11.7 പ്രകാരം തുക അനുവദിച്ചത് അധിക ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനു പകരം DAR 4.1.3 പ്രകാരം തുക അനുവദിച്ചാൽ മതിയാകുമായിരുന്നു.

DAR 11.7 പ്രകാരം അനുവദിച്ച തുക - cum – 7154.68
(CP ഒഴികെ cost index 1.42857)
DAR 4.1.3 പ്രകാരം നൽകാവുന്നത് - cum – 6790/-
ഇപ്രകാരം അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

I. *പ്രോജക്ട് നം. - 63/15-16*

*മണിയൻകോട്-കുളവിയോട്-കിഴക്കുംകര റോഡ് കോൺക്രീറ്റിങ്ങ്*

എം.ബുക്ക് നം. - 63-15-16
അടങ്കൽ - 1,75,000/-
ചെലവ് - 1,63,443/-
ബിൽ നം. - 75/2015-16
കൺവീനർ - ബൈജു.കെ.
ഇനം.3 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm മെറ്റൽ
നൽകിയ തുക - 9.28$m^3$ @ 7154.68 = 66,395
നൽകാവുന്നത് - 9.28$m^3$ @ 6790 = 63,011
അധികം നൽകിയത് - 3,384
=====

II. പ്രോജക്ട് നം. - 74/16

*കല്ലിയോട്-അഞ്ചുംകോട് റോഡ് കോൺക്രീറ്റിങ്ങ്*

എം.ബുക്ക് നം. - 64/15-16
അടങ്കൽ - 1,20,000/-
ചെലവ് - 1,12,076/-
ബിൽ നം. - 49/2015-16
കൺവീനർ - വിജയൻപിള്ള

ഇനം.4 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm മെറ്റൽ

നൽകിയ തുക - 6.24$m^3$ @ 7154.68 = 44,645

അനുവദിക്കാവുന്നത്- 6.24 @ 6790 = 42,369

അധികം നൽകിയത് - 2,276

=====

III. പ്രോജക്ട് നം. - 73/16

*മേലേകല്ലിയോട്-മുണ്ടകോണം ആനാടിക്കോണം റോഡ് കോൺക്രീറ്റിങ്ങ്*

പ്രോജക്ട് തുക - 2,00,000

എം.ബുക്ക് നം. - 41/15-16

കൺവീനർ - സരസ്വതിയമ്മ

ബിൽ നം. - 86/15-16

ചെലവ് - 2,00,000/-

ഇനം.4 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm b/s

നൽകിയത് - DSR 11.7 – 10.34$m^3$ @ 7154.68 - 73979.30

നൽകാവുന്നത് - DSR 4.1.3 - 10.34 $m^3$ @ 6790 - 70208.6

അധികം നൽകിയത് - 3771/-രൂപ

IV. പ്രോജക്ട് നം. - 57/16

*പാണ്ഡവപുരം - കുട്ടക്കി റോഡ് കോൺക്രീറ്റ്*

അടങ്കൽ - 3,00,000

എം.ബുക്ക് നം. - 47/15-16

കൺവീനർ - സിന്ധുകുമാരി

ചെലവ് - 2,84,372/-

ബിൽ നം. - 002/2015-16

ഇനം.3 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm b/s

നൽകിയത് - DSR 11.7 – 15.7$m^3$ @ 7154.68 - 112328.47

നൽകാവുന്നത് - DSR 4.1.3 - 15.7 $m^3$ @ 6790 - 106603

അധികം നൽകിയത് - 5725/-രൂപ

========

V. പ്രോജക്ട് നം. - 61/16

*ചാലിച്ചേരി റോഡ് കോൺക്രീറ്റിങ്*

അടങ്കൽ - 1,50,000/-

കൺവീനർ - ശശിധരൻ നായർ

ചെലവ് - 1,40,095/-

ഡി.ഡി.നം. - 9,80,181 തീ.29.10.2015

എം.ബുക്ക് നം. - 135 (15-16)

ഇനം.3 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm b/s

നൽകിയത് - DSR 11.7 – 7.9 $m^3$ @ 7154.68 - 56521.97

അനുവദനീയം - DSR 4.1.3 - 7.9 $m^3$ @ 6790 - 53641.00

2881

====

VI. പ്രോജക്ട് നം. - 207/16

*കരിങ്കട – മിനി ഇൻഡസ്ട്രിയൽ റോഡ് കോൺക്രീറ്റ്*

അടങ്കൽ - 2,00,000/-
കൺവീനർ - സി.രവി.
ചെലവ് - 1,99,758/-
ബിൽ നം. - 003-2015-16
എം.ബുക്ക് നം. - 217/15-16
ഇനം.3 - സിമന്റ് കോൺക്രീറ്റ് 1:2:4 20mm b/s
നൽകിയത് - DSR 11.7 – 9.57$m^3$ @ 8227.88$m^3$ - 78740.81
അനുവദനീയം - DSR 4.1.3 – 9.57 @ 6790$m^3$ - 64980.00
അധികം നൽകിയത് - 13761
=====

VII. പ്രോജക്റ്റ് നം. - 206/16
*വട്ടക്കരിക്കകം റോഡ് കോൺക്രീറ്റ്*
പ്രോജക്റ്റ് തുക - 2,00,000/-
ചെലവ് - 1,99,758/-
എം.ബുക്ക് നം. - 79/15-16
കൺവീനർ - വിജയസേനൻ നായർ
ഡി.ഡി.നം. - 985475 തീയതി.16.02.2016
ഇനം.3 - CC 1:2:4 Using 20mm b/s
നൽകിയ നിരക്ക് DSR 11.7 – 9.57 @ 8227.86$m^3$ - 78740.62
അനുവദനീയം DSR 4.1.3 – 9.57 @ 6790$m^3$ - 64980.00
അധികം നൽകിയത് - 13761
====

VIII. പ്രോജക്റ്റ് നം. - 85/16
*കുമാരനാശാൻ റോഡ് കോൺക്രീറ്റിങ്*
പ്രോജക്റ്റ് തുക - 3,00,000/-
ചെലവ് - 2,80,189/-
ഡി.ഡി.നം. - 522625 തീയതി.28.09.15
കൺവീനർ - ശശിധരൻ നായർ
എം.ബുക്ക് നം. - 285/14-15
ഇനം.4 - CC 1:2:4 20mm b/s
അനുവദിച്ച തുക - 15.5$m^3$ @ 7154.68 - 1,10,897.54
അനുവദനീയം - 15.5 x 6790 = 105245
അധികം നൽകിയത് - 5653/-
====

IX. പ്രോജക്റ്റ് നം. - 62/15-16
*മണിയൻകോട് -ലക്ഷംവീട് റോഡ് കോൺക്രീറ്റിങ്*

അടങ്കൽ - 1 ലക്ഷം
ചെലവ് - 94,340/-
ഡി.ഡി.നം. - 521682 തീയതി.25.08.2015
എം.ബുക്ക് നം. - 62/15-16
ഇനം.3 - സിമന്റ് കോൺക്രീറ്റ് 1:2:4, 20mm b/s
അനുവദിച്ച തുക - 5.28 $m^3$ @ 7154.68 - 37,776.71
അനുവദനീയം - 5.28 $m^3$ @ 6790 - 35851.20
= 1926

## 3-12 കൊല്ലം സ്കൂൾ മെയിന്റനൻസ്

I *സിമന്റ് പ്ലാസ്റ്ററിങ് - ഇരട്ടിപ്പ് - അംഗീകരിക്കുന്നില്ല.*

പ്രോജക്ട് നം. - 123/16

അടങ്കൽ - 2,00,000

ചെലവ് - 1,86,792

കൺവീനർ - എൻ.സബൂറ, എച്ച്.എം., ഗവ.എൽ.പി.എസ്.കൊല്ലം.

എം.ബുക്ക് - 292/15-16

ഡി.ഡി.നം. - 776078 തീ. 31.03.2016.

ഈ പണിക്ക് ഇനം.16 ആയി 5.1 x 0.7 വിസ്തീർണ്ണമുള്ള ഷേഡിന് 6mm ഘനത്തിൽ 1:3 അനുപാതത്തിൽ സിമന്റ് പ്ലാസ്റ്ററിങ് നടത്തിയിട്ടുണ്ട്. (DSR 14 - code 13.4.1). ഇതേ ഷേഡിന് ഇനം 17 പ്രകാരം വീണ്ടും 1:3 അനുപാതത്തിൽ പ്ലാസ്റ്ററിങ് നടത്തിയിട്ടുണ്ട്. ആദ്യം പ്ലാസ്റ്ററിങ് നടത്തിയ ഷേഡിന് വീണ്ടും പ്ലാസ്റ്ററിങ് നടത്തിയത് അധിക ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇനം 16 പ്രകാരം നൽകിയ തുക -

5.1 x 0.7 = 3.57 $m^2$ @ 167.34 = 597.40

ഇനം 17 പ്രകാരം നൽകിയത്

5.1 x 0.7 = 3.57 $m^2$ @ 280.89 = 1002.77

say - 1003

ഇനം 17 പ്രകാരം അധികം നൽകിയ 1003/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

II. *ഇതേ പ്രവൃത്തിയിൽ അപ്പൻഡിക്സ് B ഇനം രണ്ടായി DSR 5.9.2 പ്രകാരം centering and shuttering including stritting etc...എന്ന ഇനത്തിന്*

8.28 $m^2$ @ 448.22/$m^2$ 3711.26 രൂപ നൽകിയിട്ടുണ്ട്.

എന്നാൽ ഓട നിർമ്മാണത്തിന് മണ്ണ് കുഴിച്ച് തട്ട് അടിക്കുകയായിരുന്നു. ഫൗണ്ടേഷനും മറ്റും form work-ന് DSR 5.9.1 പ്രകാരമുള്ള നിരക്കാണ് ബാധകം.

ഇതു പ്രകാരം $m^2$ന് 196.45 രൂപ

(CP കിഴിച്ച് cost index 1.42857 പ്രകാരം 244/-രൂപ പ്രതി $m^2$)

ഇനം 3a (app.b)

അനുവദിച്ച തുക – 8.28 $m^2$ @ 448.22 – 3711.26

അനുവദനീയം – 8.28 $m^2$ @ 244 - 2020.32

അധികം നൽകിയ തു നിരാകരിക്കുന്നത് - 1691/-

## 3-13 നിർമ്മാണം പൂർത്തിയായിട്ടും ഉപയോഗക്ഷമമല്ല.

2015-16 ൽ ചില പ്രോജക്ടുകൾ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഇപ്പോഴും ഉപയോഗക്ഷമമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിന് നിദാനം.

ഉദാ: (1) ആനാട് PHC ലാബ് മെയിന്റനൻസ്, പ്രോജക്ട് നം.110/16, പ്രോജക്ട് തുക- 2,00,000/-രൂപ. ഈ പ്രോജക്ടിൽ PHC ലാബിനായി ഒരു മുറി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഫീൽഡ് വിസിറ്റിൽ ഇവിടെ ലാബ് പ്രവർത്തനം തുടങ്ങിയതായി കാണുന്നില്ല. ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൽ ലഭ്യമാക്കാത്തതാണ് കാരണം. പ്രോജക്ട് തയ്യാറാക്കിയപ്പോൾ ഈ ഇനത്തിൽ കൂടി തുക വകയിരുത്തേണ്ടതായിരുന്നു. ഇപ്പോൾ പ്രോജക്ട് മുഖേന ഫർണിഷ് ചെയ്ത മുറി അടച്ചിട്ടിരിക്കുന്നു.

ഉദാ: (2) പണ്ടാരക്കോണം അംഗൻവാടി നിർമ്മാണം, പ്രോജക്ട് നം. 207/15, അടങ്കൽ തുക- 603231/- . അംഗൻവാടി നിർമ്മാണം പൂർത്തിയാക്കിയെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാനാകാത്ത അവസ്ഥയാണ്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ശ്രദ്ധിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-14 നെൽകൃഷി വികസനം - നിയമാനുസൃത പാട്ടക്കരാർ വച്ചിട്ടില്ല.

പ്രോജക്ട് നം. : SOO04/16

അടങ്കൽ : 37,920

ചെലവ് : 37,920

നിർവ്വഹണോദ്യോഗസ്ഥ : കൃഷിഓഫീസർ

2015-16വർഷം വികസന ഫണ്ടിൽ നിന്നും 29,000/-രൂപയും ഗുണഭോക്തൃ വിഹിതമായി 8920/-രൂപയുമുൾപ്പെടെ ആകെ 37,920/-രൂപ വകയിരുത്തി നടപ്പിലാക്കിയ 'നെൽകൃഷി വികസനം' എന്ന പദ്ധതി പഞ്ചായത്ത് പ്രദേശത്തെ നാമമാത്രമായ നെൽകർഷകർക്ക് ഹെക്ടറിന് 14,250/-രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ളതാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുള്ള ശ്രീ.വിജയകുമാർ, വിജയഭവൻ, ആനാട്, ശ്രീ.മണികണ്ഠൻ.T.C.ഹൗസ് ആനാട് എന്നിവർ യഥാക്രമം ശ്രീ.മനോജ്കുമാർ, ശ്രീ.എസ്.വിജയകുമാർ എന്നിവരുടെ കൃഷിയിടങ്ങളിൽ പാട്ടകൃഷി നടത്തുകയും 10,585/-രൂപ, 7250/-രൂപ എന്നിങ്ങനെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂഉടമയും കൃഷിക്കാരനും തമ്മിൽ നിയമാനുസൃതമായി പാട്ടക്കരാർ ചമയ്ക്കാതെ വെള്ളക്കടലാസിൽ പാട്ടചീട്ട് എഴുതിയാണ് അപേക്ഷയ്ക്കൊപ്പം സമർപ്പിച്ചിരിക്കുന്നത്. മാത്രമല്ല, കൃഷിഭൂമിയെ സംബന്ധിച്ച നികുതിചീട്ടിന്റെ പകർപ്പ് അപേക്ഷയോടൊപ്പമില്ലാത്തതിനാൽ കൃഷിഭൂമിയെ സംബന്ധിച്ച ആധികാരികതയും ഉറപ്പാക്കാനായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15-ന് കൃഷിഭവന്റെ മേൽനോട്ടത്തിൽ നടന്ന കൃഷിയായതിനാൽ തുക അനുവദിയ്ക്കുകയായിരുന്നു എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മേൽ വിശദീകരണം അംഗീകരിക്കാവുന്നതല്ല.

നിയമാനുസൃതമായ പാട്ടക്കരാറോ രേഖകളോ ഇല്ലാതെ ചെലവഴിച്ച 17835/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 കന്നുകുട്ടി പരിപാലനം (SLBP)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല –പദ്ധതി ലക്ഷ്യം കൈവരിച്ചതായി ഉറപ്പാക്കാനായില്ല.

പ്രോജക്ട് നം. : SOO32/16

അടങ്കൽ : 9,50,000/-

ചെലവ് : 2,37,500/-

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

2015-16വർഷം പദ്ധതി വിഹിതമായി 2,37,500/-രൂപയും ഗുണഭോക്തൃ വിഹിതമായി 4,75,000/-രൂപയും എക്സ്റ്റേണൽ എയ്ഡഡ് പരിപാടി വിഹിതമായി 2,37,500/-രൂപയുമുൾപ്പെടെ ആകെ 9,50,000/-രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് കന്നുകുട്ടിപരിപാലനം. പഞ്ചായത്ത് പ്രദേശത്തെ ക്ഷീരകർഷകരുടെ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 38 ഗുണഭോക്താക്കൾക്കുള്ള പദ്ധതി വിഹിതമായ 2,37,500/-രൂപ ഡി.ഡി.നം.775511

തീയതി 29.03.2016 പ്രകാരം പദ്ധതി നടപ്പിലാക്കുന്ന SLBP ഡെ.ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലായോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 10-ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പദ്ധതി ലക്ഷ്യം സാക്ഷാത്ക്കരിച്ചെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1)ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്.) 275/10 27.1.2010 | 15651000 | 6379953 | 1645547 | 758532 | 4734406 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | നം.എൽഎഫ്.റ്റിഡി.ജി.പി6/649/03/തീയതി 12.6.2014 | 6 , ഖണ്ഡിക 51 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2001-02 (വരവ്) | നം.എൽഎഫ്.റ്റിഡി.ജി.പി6/2009 /06/1.8.2014 | ഇല്ല |
| 2001-02 (ചെലവ്) | നം.എൽഎഫ്.റ്റിഡി.ജി.പി6/1372/11/12.6.2014 | 2 ഖണ്ഡിക 42 സാമഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2002-03 | നം.എൽഎഫ്.റ്റിഡി.ജി.പി6/210 /2006/12.6.2014 | 3 |
| 2003-04 | നം.എൽഎഫ്.റ്റിഡി.ജി.പി6/243 /2009/12.6.2014 | 1 |
| 2004-05 | നം.എൽഎഫ്.റ്റിഡി.ജി.പി6/244 /2009/12.6.2014 | 1 |
| 2005-06 | നം.എൽഎഫ്.റ്റിഡി.ജി.പി6/245 /2009/12.6.2014 | 2 |
| 2006-07 | നം.എൽഎഫ്.റ്റിഡി.ജി.പി6/217 /2010/12.6.2014 | 2 |

| | | |
|---|---|---|
| 2007-08 | നം.എൽഎഫ്.റ്റിഡി.ജി.പി6/221/2010/1.8.2014 | 1 |
| 2008-09 | നം.എൽഎഫ്.റ്റിഡി.ജി.പി6/1373 /2011/12.6.2014 | 1 |
| 2009-10 | നം.എൽഎഫ്.റ്റിഡി.ജി.പി6/1372/11/12.6.2014 | 2 |
| 2010-11 | നം.എൽഎഫ്.റ്റിഡി.ജി.പി6/1854/13/29.11.13 | 15 |
| 2011-12 | നം.എൽഎഫ്.റ്റിഡി.ജി.പി6/1917/13/31.10.2014 | 11 |
| 2012-13 | നം.എൽഎഫ്.റ്റിഡി.ജി.പി6/1245/14/2.2.2015 | 16 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1116/15/ 15.10.15 | 10 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/814/2016 /2.6.2016 | 38 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി വിവരം പൂർണ്ണമായും എ.എഫ്.എസ്-ൽ രേഖപ്പെടുത്തിയിട്ടില്ല.
2. ഡിസിബി പ്രകാരമുള്ള നീക്കിയിരിപ്പുകൾ ബാലൻസ് ഷീറ്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. വിവിധ ഫണ്ടുകളുടെ വൗച്ചറുകൾ നമ്പരിട്ട് ക്രമീകരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്